വാരാന്ത്യപതിപ്പ് ലക്കം-50 | MAY 1 - MAY 7

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

അന്താരാഷ്ട്ര തൊഴിലാളി ദിനം
പേജ് 1

ലോക മാധ്യമ സ്വാതന്ത്ര്യ ദിനം
പേജ് 2

ലോക ആസ്മ ദിനം
പേജ് 2

മോക്ക് ഡ്രിൽ
പേജ് 3

അഗ്വഞ്ചർ
പേജ് 3

ട്രാഷ് ഇറ്റ്
പേജ് 4

അഭയം
പേജ് 4

അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 5

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

ചെറിയപെരുന്നാളിനെക്കുറിച്ച് സോഷ്യോപോഡ്സിന്റെ അമ്പത്തിരണ്ടാം എപ്പിസോഡ് മെയ് രണ്ട് വൈകുന്നേരം ആറുമണിക്ക് പുറത്തിറക്കി. ചെറിയപെരുന്നാൾ ആഘോഷങ്ങളെക്കുറിച്ചാണ് അവതാരിക ഫാത്തിമ ഷിഫാന സംസാരിച്ചത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## അന്താരാഷ്ട്ര തൊഴിലാളി ദിനം

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു.തൊഴിലാളി വർഗത്തിന്റെ നേട്ടങ്ങൾ ആഘോഷിക്കുന്നതിനായി എല്ലാ വർഷവും മെയ് ആദ്യ ദിവസം തൊഴിലാളി ദിനം അല്ലെങ്കിൽ അന്താരാഷ്ട്ര തൊഴിലാളി ദിനം ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് എല്ലാ വളന്റിയേഴ്സും അവരവരുടെ വീടും പരിസരവും വൃത്തിയാക്കി. ശുചീകരണ പ്രവർത്തനങ്ങളെല്ലാം ചേർത്തിണക്കി ഒരു വീഡിയോ എൻ എസ് എസ് പുറത്തിറക്കുകയും ചെയ്തു. ദിനത്തിന്റെ പോസ്റ്ററും നിർമ്മിച്ചു.



# ലോക മാധ്യമ സ്വാതന്ത്ര്യ ദിനം

മെയ് മൂന്ന് ലോക മാധ്യമ സ്വാതന്ത്ര്യ ദിനം ആചരിച്ചു.മാധ്യമ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവുംഅടിസ്ഥാന മനുഷ്യാവകാശമാണെന്ന് അന്താരാഷ്ട്ര സമൂഹത്തെ അറിയിക്കുന്നതിനാണ് ലോക മാധ്യമ സ്വാതന്ത്ര്യ ദിനം ആചരിക്കുന്നത്.ദൈനംദിന വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി പല മാധ്യമപ്രവർത്തകരും ധീരമായ പ്രവർത്തികൾ നേരിടേണ്ടിവരുമെന്ന് ഈ ദിനം ആളുകളെ ഓർമിപ്പിക്കുന്നു.ഈ ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




# ലോക ആസ്മ ദിനം

എൻ എസ് എസ് യൂണിറ്റുകളായ **42 & 144** മെയ് മൂന്ന് ലോക ആസ്മ ദിനമായി ആചരിച്ചു. അടിസ്ഥാനപരമായി ആസ്മ ഒരു അലർജി രോഗമാണ്.ഈ രോഗത്തെപ്പറ്റിയുള്ള അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുക, തുടക്കത്തിൽ തന്നെ കൃത്യമായ ചികിത്സ ലഭ്യമാക്കുക എന്നീ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയാണ് ഈ ദിനത്തിന്റെ ലക്ഷ്യം. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# മോക്ക് ഡ്രിൽ

അന്താരാഷ്ട്ര അഗ്നിശമനസേനാ ദിനത്തോടനുബന്ധിച്ച് മെയ് അഞ്ചാം തിയ്യതി രാവിലെ ഒൻപത് മണിക്ക് തെക്കേഗോപുര നടയിൽ ഫയർ ആൻഡ് സേഫ്റ്റി ഡിപ്പാർട്മെന്റ് സംഘടിപ്പിച്ച മോക്ക് ഡ്രില്ലിൽ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ഇരുപത്തിയഞ്ച് വളന്റിയേഴ്സ് പങ്കെടുത്തു. തൃശൂർ ജില്ലാ കളക്ടർ, മേയർ എന്നിവർ നേതൃത്വം വഹിച്ചു. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.







# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു.ഇതിന്റെ ഭാഗമായി മെയ് നാല് ചൊവ്വാഴ്ച ഒന്നാം ഘട്ട വിളവെടുപ്പ് നടത്തുകയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കൂടാതെ വെള്ളിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ഒൻപത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.









## ട്രാഷ് ഇറ്റ് : തൃശൂർ കളക്ടറേറ്റ്



മെയ് ഏഴ് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പതിനഞ്ച് എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ ഒൻപത് മണി മുതൽ ഉച്ചക്ക് പന്ത്രണ്ടര വരെ തൃശ്ശൂർ കളക്ടറേറ്റ് ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## ട്രാഷ് ഇറ്റ് : തൃശൂർ വില്ലേജ് ഓഫീസ്



മെയ് ഏഴ് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ നാല് എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ പത്തു മുതൽ നാല് മണി വരെ തൃശ്ശൂർ വില്ലേജ് ഓഫീസ് ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# അഭയം

അഭയം ഭവന നിർമ്മാണ പദ്ധതിയെന്ന എൻ എസ് എസിന്റെ സ്വപ്ന പദ്ധതി,പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.

## ചോദ്യം ഉത്തരം

ഡിസംബർ അഞ്ചിന് എൻ എസ് എസ്
ഏതു ദിവസമായിട്ടാണ്
ആചരിക്കുന്നത്?

-- ഇന്റർനാഷണൽ വളന്റിയേഴ്സ് ഡേ

## അക്ഷരാഗ്നി

നിത്യ ബിനോ





# ചിന്താവിഷയം

ഒന്നുകിൽ സഹോദരന്മാരെപ്പോലെ ഒരുമയോടെ ജീവിക്കാം
അല്ലെങ്കിൽ വിഡ്ഢികളെപ്പോലെ നിശ്ശേഷം നശിക്കാം

- മാർട്ടിൻ ലൂതർ കിംഗ്

@nss_stc_42_144